റോഡ്, കവടിയാർ-പേരൂർക്കട-വഴയില റോഡ്, എൽ.എം.എസ്-അട്ടക്കുളങ്ങര റോഡ്, മ്യൂസിയം-ബേക്കറി-തമ്പാനൂർ-ഓവർ ബ്രിഡ്ജ് റോഡ്, അട്ടക്കുളങ്ങര-ഈഞ്ചയ്ക്കൽ-എൻ.എച്ച്.ബൈപ്പാസ് റോഡ്, ജി.ജി. ഹോസ്പിറ്റൽ-കിംസ് എൻ.എച്ച്. ബൈപ്പാസ് റോഡ് എന്നിവയുടെ നിർമ്മാണമാണ് പൂർത്തീകരിക്കാനുള്ളത്.

(സി) രണ്ടാംഘട്ട പ്രവർത്തനങ്ങൾ 30-10-2010-നുള്ളിലും മൂന്നാംഘട്ട പ്രവർത്തനങ്ങൾ സ്ഥലം ഏറ്റെടുത്ത് നൽകിയശേഷം 24 മാസത്തിനുള്ളിലും പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്.

(ഡി) തകരപ്പറമ്പ് ഫ്ളൈ ഓവർ നിർമ്മിക്കേണ്ട സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ചില കോടതി വ്യവഹാരങ്ങൾ നിലവിലുണ്ട്. ഇതുകൂടാതെ കുടിഒഴിപ്പിക്കുന്ന കച്ചവടക്കാരെ സൗകര്യപ്രദമായ രീതിയിൽ പുനരധിവസിപ്പിക്കുന്ന കാര്യത്തിലും അന്തിമ തീരുമാനമായിട്ടില്ല. വാട്ടർ സപ്ലൈ, ഡ്രെയിനേജ് എന്നിവയുടെ പൈപ്പുകൾ ഇലക്ട്രിസിറ്റി ബോർഡ്, ടെലികോം എന്നിവയുടെ പോസ്റ്റുകൾ കേബിളുകൾ എന്നിവയും മാറ്റി സ്ഥാപിക്കേണ്ടതായുണ്ട്.

(ഇ) മുകളിൽപ്പറഞ്ഞ തടസ്സങ്ങൾ മാറിയാലുടനെ ഫ്ളൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേന്ദ്ര റോഡ് ഫണ്ടിൽനിന്നും അനുവദിച്ച തുക

198 (795) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി കേന്ദ്രറോഡ് ഫണ്ടിൽനിന്നും ഈ വർഷം എത്ര കോടി രൂപ അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം റോഡുകളുടെ നിർമ്മാണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പാലങ്ങളാണ് നിർമ്മിക്കുന്നത് ;

(ഡി) മുൻവർഷങ്ങളിൽ കേന്ദ്ര റോഡ് ഫണ്ടിൽനിന്നും അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഫണ്ട് നിശ്ചിത കാലയളവിൽ പൂർണ്ണമായും വിനിയോഗിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര റോഡു ഫണ്ടിൽനിന്നും ഈ വർഷം 30.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ഈ വർഷം കേന്ദ്ര റോഡ് ഫണ്ടിൽനിന്നും സഹായം അനുവദിക്കുവാൻ തത്വത്തിൽ അംഗീകരിച്ചിട്ടുള്ള റോഡുകളുടെ വിശദാംശം അനുബന്ധം I-ആയി ചേർക്കുന്നു. *

(സി) കൊല്ലം പട്ടണത്തിൽ എൻ.എച്ച് 47 ന്റെ കി.മീ. 494/800-ൽ നിലവിലുള്ള ഇരുമ്പ് പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) വിശദാംശം അനുബന്ധം II-*ആയി ചേർക്കുന്നു.

(ഇ) പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

മോണിറ്ററിംഗ് സമിതികളുടെ രൂപീകരണം

199 (796) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽകുമാർ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സമിതികളുടെ ഘടന എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ സമിതികളിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) മരാമത്ത് വകുപ്പിന് കീഴിൽ നടക്കുന്ന ജോലികൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്നുള്ളത് വസ്തുതയാണോ ; ഇതെന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള എന്ത് നടപടിയെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)&(ബി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ അവലോകനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ. മാരുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി രണ്ടാഴ്ചയ്ക്കൊരിക്കൽ അവലോകനം നടത്തണമെന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly